# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3680

15/12/2014ൽ മറുപടി നൽകേണ്ടിയിരുന്നത്

**അന്തിമ മറുപടി**

**പി.എസ്.സി റാങ്ക് ലിസ്റ്റുകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കാൻ നടപടി**

ചോദ്യം :

ശ്രീ. ഹൈബി ഈഡൻ
ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി
ശ്രീ. കെ.ശിവദാസൻ നായർ
ശ്രീ. ജോസഫ് വാഴയ്ക്കൻ

(എ) പി.എസ്.സി.യുടെ റാങ്ക് ലിസ്റ്റുകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) പി.എസ്.സി.യുടെ റാങ്ക് ലിസ്റ്റുകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിനുള്ള മാർഗ്ഗ രേഖകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഉദ്യോഗാർത്ഥികളെ പി.എസ്.സി.യുടെ റാങ്ക് പട്ടികയിൽ താത്ക്കാലിക അടിസ്ഥാനത്തിൽ ഉൾപ്പെടുത്തുന്ന രീതി അവസാനിപ്പിച്ച് അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് പ്രസ്തുത മാർഗ്ഗ രേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം തയ്യാറെടുപ്പുകൾ പി.എസ്.സി. സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം :

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ)യും (ബി)യും (സി)യും (ഡി)യും

നിലവിൽ റാങ്ക് പട്ടികകൾ തയ്യാറാക്കുന്നത് 'ഇ-റിസൾട്ട് പ്രൊ' എന്ന സോഫ്റ്റ്‌വെയർ മുഖേനയാണ്. ആയതിനാൽ കാലതാമസം കൂടാതെ റാങ്ക് പട്ടികകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കാൻ കഴിയുന്നുണ്ട്. കൂടാതെ ഇത് നിരീക്ഷിക്കാൻ പി.എസ്.സി.യിൽ വിവിധ സബ്കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കമ്മീഷന്റെ ഉത്തരവ് പ്രകാരം ഇന്റർവ്യൂവിന്റെ മാത്രം അടിസ്ഥാനത്തിൽ സെലക്ഷൻ പൂർത്തിയാക്കുന്ന തസ്തികകൾക്ക് അപേക്ഷ സമർപ്പിച്ചവർ ചുരുക്കപ്പട്ടിക, സാധ്യതാ പട്ടിക എന്നിവയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ എന്നിവർക്ക് ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ച് കഴിഞ്ഞാലുടൻ ഇന്റർവ്യൂവിന് മുൻപ് ബന്ധപ്പെട്ട റീജിയണൽ ഓഫീസ്/ജില്ലാ ഓഫീസ് എന്നിവയിൽ വച്ച് സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ/പേഴ്സണൽ വെരിഫിക്കേഷൻ നടത്തി ഉദ്യോഗാർത്ഥിയുടെ അപേക്ഷ നിരുപാധികമായി സ്വീകരിക്കുന്നുണ്ട്. ഇന്റർവ്യൂ തീയതി കഴിഞ്ഞ് ഒരു കാരണവശാലും പ്രമാണങ്ങൾ സ്വീകരിക്കുന്നില്ല. അതുകൊണ്ട് തന്നെ ഉദ്യോഗാർത്ഥികളെ താൽക്കാലികമായി റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തുന്നില്ല. സർട്ടിഫിക്കറ്റ് പരിശോധനയിൽ വരുന്ന കാലതാമസം ഒഴിവാക്കാനായി പരമാവധി 7 ദിവസത്തെ സമയം മാത്രമേ അനുവദിക്കുന്നുള്ളൂ. ആയതിനാൽ പ്രൊവിഷണൽ ആയി ഉദ്യോഗാർത്ഥികളെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടി വരുന്നില്ല. ആവശ്യമായ എല്ലാ

രേഖകളും ഉദ്യോഗാർത്ഥികളിൽ നിന്നും ഇന്റർവ്യൂവിന് മുമ്പ് നിർബന്ധമായും വാങ്ങുന്നു. പരമാവധി 7 ദിവസത്തെ സമയ പരിധിയ്ക്കുള്ളിൽ രേഖകൾ ഹാജരാക്കാത്തപക്ഷം റാങ്ക് ലിസ്റ്റിൽ ടി ഉദ്യോഗാർത്ഥിയെ ഉൾപ്പെടുത്തുകയില്ല. 500ൽ താഴെ അപേക്ഷകളുള്ള സേവന പരിചയം ആവശ്യമായ തസ്തികകളിന്മേൽ പ്രമാണങ്ങളുടെ സൂക്ഷ്മ പരിശോധന ആദ്യമേ തന്നെ പൂർത്തിയാക്കുന്നു. പ്രമാണങ്ങളുടെ സമർപ്പണത്തിന് അഥവാ സമർപ്പിക്കപ്പെട്ട പ്രമാണങ്ങളുടെ പിശകുകൾ പരിഹരിക്കുന്നതിന് മേലുദ്യോഗസ്ഥരുടെ നിരീക്ഷണത്തിനും ഉത്തരവുകൾക്കും വിധേയമായി പരമാവധി ഏഴ് ദിവസം വരെ സമയം അനുവദിക്കാറുണ്ട്. അപേക്ഷകരുടെ എണ്ണം വളരെ കൂടുതലുള്ള തസ്തികകൾ, പി.എസ്.സി.ചെയർമാനും മെമ്പർമാരും നേരിട്ട് നിരീക്ഷിച്ച് പരീക്ഷാ വിഭാഗം അഡീഷണൽ സെക്രട്ടറിയുടെ മേൽനോട്ടത്തിൽ സ്പെഷ്യൽ സെല്ലുകൾ രൂപീകരിച്ച് തെരഞ്ഞെടുപ്പു പ്രക്രിയ ത്വരിതപ്പെടുത്തി സമയബന്ധിതമായി ചുരുക്കപ്പട്ടികകൾ പ്രസിദ്ധീകരിക്കാറുമുണ്ട്.

**സെക്ഷൻ ഓഫീസർ**